# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5273 26/03/2018-ൽ മറുപടിക്ക്

## ക്ലറിക്കൽ തസ്തിക നിലവിലില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകരുടെ അധിക ജോലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | പ്രൊഫ.സി.രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ) | ക്ലറിക്കൽ തസ്തിക നിലവിലില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകർ ഈ ജോലി ചെയ്യേണ്ടിവരുന്നതുമൂലം അദ്ധ്യാപന ജോലിയിൽ മികവ് പുലർത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ),ബി) & സി) | നിലവിലെ വ്യവസ്ഥകൾ പ്രകാരം ലോവർ പ്രൈമറി ക്ലാസ്സുകൾ പരിഗണിക്കാതെ 1500 കുട്ടികൾ വരെയുള്ള സമ്പൂർണ്ണ ഹൈസ്കൂളുകളിൽ ഒരു ക്ലർക്ക് തസ്തികയും 1500-റോ അതിനു മുകളിലോ കുട്ടികളുണ്ടെങ്കിൽ രണ്ട് ക്ലർക്ക് തസ്തികകളും അനുവദിക്കാവുന്നതാണ്.<br><br>17.08.2015 ലെ GO(Ms)220/15/GEDN പ്രകാരം സർക്കാർ /എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ അദ്ധ്യാപകരെ ക്ലറിക്കൽ ജോലിയിൽ സഹായിക്കുവാൻ ലാബ് അസിസ്റ്റന്റെ സേവനം വിനിയോഗിച്ചു വരുന്നുമുണ്ട്. |
| ബി) | ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | | |
| സി) | ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ